# ന്യൂ റിയാലിറ്റി ഷോ

കഴിഞ്ഞ പതിനൊന്നു മണിക്കൂറുകളായി അവർ പത്തു പേർ ഈ ഏസി മുറിയിൽ ഒരു ചതുര മേശക്ക് ഇരു പുറവുമായിട്ട് എംഡിയുടെ മുഖത്തു നോക്കിയിരിക്കുന്നു. രാവിലെ പത്തു മണിക്കാണ് കോട്ടും സ്യൂട്ടും സുഗന്ധങ്ങളും സ്യൂട്ട് കേസുകളുമായിട്ട് ഏഴു സുന്ദരന്മാരും ഒരേ നിറത്തിലുള്ള സാരിയും ബ്ളൗസും ധരിച്ച്, വ്യത്യസ്തമാർന്ന മൂന്നു മണങ്ങളിൽ മൂന്നു സുന്ദരികളും വന്നിട്ടുള്ളത്. സുന്ദരികൾക്ക് സ്യൂട്ട് കേസുകളില്ല. അവരോടൊത്ത് മാറിൽ അടക്കിപ്പിടിക്കപ്പെട്ട് മൂന്നു ഫയലുകളുമാണെത്തിയത്.

കോൺഫ്രൻസ് തുടങ്ങി ഇത്തിരി നേരം കഴിഞ്ഞ് കമ്പനി എത്തിച്ചു കൊടുത്ത പ്രഭാത ഭക്ഷണം കഴിച്ചു, അവിടെയിരുന്നല്ല, ഭക്ഷണ മുറിയിൽ പോയിരുന്ന്. യഥാസമയം മത്സ്യവും മാംസവും ഉൾക്കൊണ്ട ഉച്ച ഭക്ഷണവും, സായാഹ്നത്ത് ലഘു ഭക്ഷണവും കഴിച്ചു.

സംസാരങ്ങൾ നീണ്ടു പോയി.

ആ കോൺഫ്രൻസ് ഹാളിനു പുറത്ത്, ഹാളിനെ പൊതിഞ്ഞ് വലിയൊരു കെട്ടിടമുണ്ട്. അവിടെ പ്രവിശ്യയാകെ അറിയപ്പെടുന്ന ഒരു ചാനൽ പ്രവർത്തിക്കുന്നു. ഓഫീസും റെക്കോഡിംഗ് റൂമും, ഇൻഡോർ ഏരിയയും എയറിംഗ് സിസ്റ്റവും.....

അവർക്ക് വേണ്ടത് തകർന്നുകൊണ്ടിരിക്കുന്ന ചാനലിനെ പിടിച്ചു നിർത്തുക എന്നതാണ്. വാർത്തകൾ, സീരിയലുകൾ, സംഗീത-നൃത്ത റിയാലിറ്റികൾ, കോമഡി ഷോകൾ, കുട്ടിക്കളികൾ, വലിയവരുടെ കളികൾ, അടുക്കള ഷോകൾ, വീട്ടു കളികൾ, അച്ഛനുമമ്മയും കളികൾ, നിരത്തിലിറങ്ങി പൊതുജനത്തെ വിഡ്ഢിയാക്കൽ, ചാക്കിലോട്ടം, സൂചിയിൽ നൂലു കോർക്കൽ, ആനയ്ക്ക് വാലുവര....

എല്ലാം കാണിച്ചുകഴിഞ്ഞിരിക്കുന്നു, ആവർത്തിച്ചു കൊണ്ടുമിരിക്കുന്നു.

ഒന്നും റേറ്റിംഗ് കൂട്ടുന്നില്ല.

മറ്റു ചാനലുകാരുടെ തന്ത്രങ്ങളിൽ തോറ്റു പോകുന്നു.

പരസ്യങ്ങൾ കിട്ടാതായിരിക്കുന്നു.

പ്രതിസന്ധിയിലായിരിക്കുന്നു.

പുതിയതൊന്നിനു വേണ്ടിയുള്ള ചർച്ചയാണ് നടക്കുന്നത്.

ഏ ന്യൂ ജനറ്റിക് ഐറ്റം.....

പ്രവിശ്യയിൽ തന്നെയുള്ള ചാനലുകളിലേക്ക് ഒളിഞ്ഞു നോക്കി, കോപ്പിയടിക്കാൻ പറ്റിയതൊന്നും കണ്ടില്ല.

തമിഴ് നാട്ടിലും കർണ്ണാടകത്തിലും മഹാരാഷ്ട്രയിലും നോക്കി...

നോട്ടം വടക്കോട്ടു പോയി...

ഹിമാലയം കടന്നു പോയി...

കടലുകളും കടന്നു പോയി....

എംഡി ഇടക്കിടയ്ക്ക് മുരണ്ടു.

നോ...നോ...ഇറ്റസ് നോ ന്യൂ...

നോ വെറൈറ്റി...

സൂര്യൻ ജോലി കഴിഞ്ഞു പോയി.

കോൺഫ്രൻസ് ഹാളിന് പുറത്ത് ജോലി ചെയ്തിരുന്നവരിൽ പലരും മടങ്ങി, പുതിയവർ വന്നു.

കോൺഫ്രൻസ് ഹാളിലെ ഏസി ഓഫ് ചെയ്ത് എക്സോസ്റ്റിനെ ശക്തിയായി കറങ്ങാൻ അനുവദിച്ച്, മുറിയിലേയ്ക്ക് ഹോട്ടും സോഫ്റ്റും നട്ട്സും ബദാം പരിപ്പും മറ്റ് അനുസാരികളും വന്നു.

കോട്ടുകളുടെ ബട്ടനുകളെ ഊരി, ടൈയ്യുടെ കുടുക്കിനെ അയച്ച് സുന്ദരന്മാരും ഒന്നും ഊരിക്കളയാനില്ലല്ലോ എന്ന് ശങ്കിച്ച്, ചിലതൊക്കെ ലൂസാക്കി വച്ച് സുന്ദരികളും സന്തോഷം കൊണ്ടു.

എന്നിട്ടും എംഡി രാവിലെ മുതൽ ഉന്നയിക്കുന്ന ചോദ്യം ദേഹത്ത് പുഴുവരിച്ചതുപോലെ തിണർത്തു നിൽക്കുന്നെന്ന് പലർക്കും തോന്നി.

ഏ ന്യൂ ഐറ്റം......ന്യൂ റിയാലിറ്റി ഷോ....

മദ്യം നുകർന്നു. വേണ്ടാത്തവർ സോഫ്റ്റ് നുണഞ്ഞു. അനുസാരികൾ നാവിൽ പുരട്ടി... സിഗരറ്റു പുകച്ചു.....

ഹാളിൽ നിലനിന്നിരുന്ന സുഗന്ധങ്ങൾ പുറത്തേക്കിറങ്ങിപ്പോയി.

മദ്യത്തിന്റെ, പുകയുടെ ഗന്ധം നിറഞ്ഞു.

ദേഹങ്ങൾ വിയർത്തു. ലേപനങ്ങൾ കുതിർന്നൊഴുകി...

ഐ സെ വൺതിംഗ്...

സുന്ദരന്മാരിലെ ബുദ്ധിജീവി പറഞ്ഞു.

മുടി നീട്ടി വളർത്തി ഷേവു ചെയ്യാത്ത പഴയ തരം ബുദ്ധിജീവിയല്ല. ന്യൂ ജെൻ...

നിത്യേന ഷേവ് ചെയ്ത്, മുഖം മിനുക്കി, ഹെയർ ഓയിൽ പുരട്ടുന്ന സുന്ദരൻ.

ക്വട്ടേഷൻ...

വാട്ട്...

പത്തു സ്വരങ്ങൾ ചേർന്ന് ഒരു 'വാട്ട്' ആയി പുറത്തു വന്നു.

അയാൾ ഒന്നും പറയാതെ ഒരു സിപ്പ് കൂടി എടുത്ത്, അനുസാരി നാവിൽ തേച്ച് അക്ഷോഭ്യനായി...

ഏസ്, ക്വട്ടേഷൻ റിയാലിറ്റി ഷോ...

ഹൗ...

കൃത്യങ്ങൾ പാർട്ടിപ്പൻസിന്റെ ഒത്താശയോടെ രഹസ്യമായിട്ട് ഷൂട്ട് ചെയ്ത് കാണിക്കണം.... ലൈവായിട്ട് അവരുടെ ആക്രോശങ്ങളും ഭാവങ്ങളും വീമ്പുകളും ശരീരങ്ങളും തീറ്റയും കുടിയും കാണിക്കണം.

ഏഴ് സുന്ദരന്മാരുടേയും മൂന്ന് സുന്ദരികളുടേയും മുഖങ്ങൾ തെളിഞ്ഞു, പഴയ ട്യൂബ് ലൈറ്റു പോലെ....

അവർ മുകളിലേക്ക് നോക്കി.

ഓ...ഗോഡ്... യുവർ ഗുഡ്നസ്സ്....

ഉന്നതങ്ങളിരിക്കുന്നവനെ...നിനക്കു സ്തുതി....നീ ഞങ്ങളിൽ കനിഞ്ഞിരിക്കുന്നു....

നിനക്ക് നന്ദി....

@@@@@